# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2599** **17.06.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമെ പുതിയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | വിദ്യാഭ്യാസമേഖലയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന താഴെ പറയുന്ന പുതിയ പദ്ധതികൾ നടപ്പിൽ വരുത്താനുദ്ദേശിക്കുന്നു.<br>1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട, B.Tech ന് ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക്, ഉയർന്ന GATE score നേടുന്നതിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുന്ന പദ്ധതി.<br>2. Higher Secondary ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനും പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുമായി എൻട്രൻസ് അധിഷ്ഠിത special tuition പദ്ധതി.<br>3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു കാർഷികകോളേജ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.<br>4. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 17 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി.യ്ക്കും പ്ലസ്ടു-വിനും പഠിക്കുന്ന കുട്ടികളിൽ ഓരോന്നിലും 50 ശതമാനം കുട്ടികൾക്ക് വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മ പരിപാടി പട്ടിക വർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br>5. കൂടാതെ 1380 പട്ടികവർഗ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**